**താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി & നോഡൽ ഓഫീസറുടെ**
**(കോവിഡ് -19 -പ്രതിരോധനടപടികൾ) നടപടിക്രമം**

(ഹാജർ: ജയ്സെൻ എൻ ഡി)

വിഷയം :- കോവിഡ് 19 – ഇതര സംസ്ഥാനങ്ങളിൽ നിന്നും താമരശ്ശേരിയിൽ എത്തുന്ന യാത്രക്കാരുടെ യാത്രകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച ഉത്തരവ്.

പരാമർശം :- 1) 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 181(4).
2) 2005 ലെ ദുരന്തനിവാരണ നിയമം – വകുപ്പ് 41.
3) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & കോഴിക്കോട് ജില്ലാ കളക്ടറുടെ 25/05/2020 തീയ്യതിയിലെ DCKKD എഫ്3–2503/2020 നമ്പർ ഉത്തരവ്.

---

ഉത്തരവ് നമ്പർ : ബി3.2913(11)/20 തിയ്യതി 28-05-2020

---

ലോക്ക് ഡൌണിൽ ഇളവുകൾ പ്രഖ്യാപിച്ച ശേഷം നിരവധി അന്തർ സംസ്ഥാന – അന്താരാഷ്ട്ര യാത്രക്കാർ ജില്ലയിലേക്ക് എത്തുന്നുണ്ട്. ഇവരെ അവരവരുടെ വീടുകളിലും സ്ഥാപനങ്ങളിലും ക്വാറന്റൈൻ ചെയ്യുന്നതിനായി എത്തിക്കേണ്ടതുണ്ട്. പല സമയത്തും പല മാർഗ്ഗങ്ങളിലും എത്തിച്ചേരുന്ന ഇവരെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ് നിരീക്ഷണത്തിലാക്കുന്നത്. ഇത്തരം യാത്രക്കാരെ പ്രധാന പോയിന്റുകളിൽ കെ എസ് ആർ ടി സി ബസ്സുകളിലെത്തിക്കുന്നതിനും, തുടർന്ന് അവരെ ആംബുലൻസുകളിലോ, ഇതര വാഹനങ്ങളിലോ അവരവരുടെ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിക്കുന്നതിനായി ഒരു പുതിയ ക്രമീകരണം സൂചന (4) പ്രകാരം ബഹു. ജില്ലാ കളക്ടർ ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

സൂചന (4) ഉത്തരവിൽ ചുമതലപ്പെടുത്തിയതു പ്രകാരം താമരശ്ശേരിയിലെ ആംബുലൻസ് കൺട്രോളിങ് പോയിന്റായി നിശ്ചയിച്ച താമരശ്ശേരി താലൂക്ക് ആശുപത്രിയുടെ നിയന്ത്രണത്തിലുള്ള ഹാൾട്ടിങ് / ഡ്രോപ്പിങ് പോയിന്റിൽ അവിടെ നിന്നും അനുബന്ധം – 1 ൽ പട്ടികപ്പെടുത്തിയ ഗ്രാമപഞ്ചായത്തുകളിലേക്ക് ക്വാറന്റൈൻ ചെയ്യുന്നതിനായി കൊണ്ടു പോകേണ്ടവരെ കൊണ്ടുപോകാൻ വേണ്ടി അനുബന്ധം – 2 ൽ പട്ടികപ്പെടുത്തിയ പ്രകാരമുള്ള ആംബുലൻസുകൾ, ആംബുലൻസ് കോർഡിനേറ്റർ ആവശ്യപ്പെടുമ്പോൾ മുറ പ്രകാരം അവയുടെ ഡ്രൈവർമാരെ സഹിതം സജ്ജമാക്കി ലഭ്യമാക്കേണ്ടതാണെന്നും അതിനായി അവരെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

സൂചന (4) ഉത്തരവിൽ ചുമതലപ്പെടുത്തിയതു പ്രകാരം മേൽപ്പറഞ്ഞ ആംബുലൻസ് കൺട്രോളിങ് പോയിന്റിൽ ലഭ്യമായ ആംബുലൻസ് സൌകര്യം കോർഡിനേറ്റ് ചെയ്യുന്നതിനായി അനുബന്ധം – 3 ൽ പട്ടികപ്പെടുത്തിയ പ്രകാരം ആംബുലൻസ് കോർഡിനേറ്റർമാരെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഇപ്രകാരം ചുമതലപ്പെടുത്തിയ ആംബുലൻസ് കോർഡിനേറ്റർമാരെ സഹായിക്കുന്നതിനായി ആവശ്യമുള്ള വളണ്ടിയർമാരെ താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും ചുമതലപ്പെടുത്തുന്നതാണ്.

**ആംബുലൻസ് കോർഡിനേറ്റർമാരുടെ ചുമതലകൾ:-**

1. താമരശ്ശേരിയിലെ ആംബുലൻസ് കോർഡിനേറ്ററുടെ ഓഫീസ് താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ കോവിഡ് – 19 കൺട്രോൾ റൂം ആയിരിക്കുന്നതാണ്.
2. ട്രാൻസ്പോർട്ട് കൺട്രോൾ സെന്ററിൽ നിന്നും ഏതൊക്കെ ഗ്രാമപഞ്ചായത്തിലേക്കാണ് യാത്രക്കാർ എത്തുന്നതെന്ന അറിയിപ്പ് താമരശ്ശേരി ഗ്രാമപഞ്ചായത്ത് ആപ്പീസിലെ കോവിഡ് – 19 കൺട്രോൾ റൂമിൽ എത്തുമ്പോൾ പ്രസ്തുത വിവരം താമരശ്ശേരിയിലെ ആംബുലൻസ് കൺട്രോളിങ് പോയിന്റിന്റെ സർവ്വീസ് പ്രദേശത്തെ അതാത് ഗ്രാമപഞ്ചായത്തുകളിലെ കോവിഡ് – 19 കൺട്രോൾ റൂമുകളിലേക്ക് തത്സമയം അറിയിക്കേണ്ടതാണ്. അതോടൊപ്പം തന്നെ അതാതു ഗ്രാമപഞ്ചായത്തുകളുടെ പരിധി ഉൾ പ്പെടുന്ന പോലീസ് സ്റ്റേഷനുകളിലേക്കും പ്രസ്തുത വിവരം കൈമാറേണ്ടതാണ്.
3. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ കൺട്രോൾ റൂമുകളിൽ നിന്നോ, ട്രാൻസ്പോർട്ട് കൺട്രോൾ സെന്ററിൽ നിന്നോ താമരശ്ശേരി ആംബുലൻസ് കോർഡിനേറ്ററോട് ആംബുലൻസ് സൌകര്യം ആവശ്യപ്പെടുന്ന പക്ഷം, എത്ര പേർ വരുന്നുണ്ടെന്നും, പ്രസ്തുത യാത്രക്കാരുടെ സ്വകാര്യ വാഹനങ്ങൾ കഴിച്ച്, അവരെ കൊണ്ടു പോകാൻ എത്ര ആംബുലൻസുകൾ വേണ്ടി വരുമെന്നും കണക്കാക്കി വളണ്ടിയർമാരുടെ സഹായത്തോടെ അനുബന്ധം – 2 ൽ പട്ടികപ്പെടുത്തിയ ആംബുലൻസ് ഡ്രൈവർ

മാരുമായി ബന്ധപ്പെട്ട് ആവശ്യമുള്ള ആംബുലൻസ് സൌകര്യം ലഭ്യമാക്കേണ്ടതാണ്. യാത്രക്കാർ വരുന്ന സമയത്ത് അവരെ അതാതിടത്തേക്ക് ആംബുലൻസിൽ കൃത്യമായി അയക്കാൻ വളണ്ടിയർ മാരുടെ സഹായത്തോടെ ഏർപ്പാട്ട് ചെയ്യേണ്ടതുമാണ്.

4. അവർ ആംബുലൻസിൽ കയറി പോയ്ക്കഴിഞ്ഞാൽ അതാത് യാത്രക്കാരുടെ ഗ്രാമപഞ്ചായത്ത് കൺ ട്രോൾ റൂമുകളിലേക്ക് പ്രസ്തുത വിവരം കൈമാറുക.
5. വളണ്ടിയർമാരുടെ സഹായത്തോടെ ഫോൺ മുഖാന്തിരം, വരുന്ന യാത്രക്കാരുടെ പേര്, മേൽ വിലാസം, എവിടെ നിന്ന് വരുന്നു, ഏതു പഞ്ചായത്തിലേക്ക് ക്വാറന്റൈനിൽ പോകുന്നു, മൊബൈൽ നമ്പർ, ഏതു ആംബുലൻസിൽ / വാഹനത്തിൽ കയറ്റി അയച്ചു എന്നീ വിവരങ്ങൾ ഒരു രജിസ്റ്ററിൽ ക്രമനമ്പറിട്ട് എഴുതി സൂക്ഷിക്കുക. ഈ രജിസ്റ്റർ താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ കോവിഡ് – 19 കൺട്രോൾ റൂമിൽ സൂക്ഷിക്കേണ്ടതാണ്.
6. ഹാൾട്ടിങ് / ഡ്രോപ്പിങ് പോയിന്റിൽ ഇത്തരം യാത്രക്കാർ അനിശ്ചിതമായി കാത്തിരിക്കേണ്ട അവസ്ഥ ഒഴിവാക്കുക.
7. യാത്രക്കാരെ ആംബുലൻസിൽ കൊണ്ടു പോയി തിരികെ എത്തിയാൽ ഉടൻ തന്നെ പ്രസ്തുത ആംബുലൻസ് താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ ഹെൽത്ത് ഇൻസ്പെക്ടറുടെയും വളണ്ടിയർ മാരുടെയും സഹായത്തോടെ അണുവിമുക്തമാക്കുവാൻ നടപടി സ്വീകരിക്കുക.
8. വളണ്ടിയർമാർ മുഖാന്തിരം, യാത്രക്കാരിൽ അത്യാവശ്യക്കാർക്ക് പരിസരത്ത് ലഭ്യമായ ടോയ്ലറ്റ് സൌകര്യം ഉപയോഗപ്പെടുത്താവുന്നതാണെന്ന് അവരുടെ ശ്രദ്ധയിൽപ്പെടുത്തുക. യാത്രക്കാരുടെ ഉപയോഗ ശേഷം, പ്രസ്തുത ടോയ്ലറ്റ് താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ ഹെൽത്ത് ഇൻ സ്പെക്ടറുടെയും വളണ്ടിയർമാരുടെയും സഹായത്തോടെ അണുവിമുക്തമാക്കാൻ നടപടി സ്വീകരിക്കുക.
9. യാത്രക്കാരുടെ ഗൌരവമായെടുക്കേണ്ടതായ ആരോഗ്യസംബന്ധമായ വിഷയങ്ങൾ വല്ലതും അതാതു യാത്രക്കാർ ശ്രദ്ധയിൽപ്പെടുത്തുന്ന പക്ഷം, തത്സമയം തന്നെ താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ ഹെൽത്ത് ഇൻസ്പെക്ടറുടെയും സൂപ്രണ്ടിന്റെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരമാർഗ്ഗം തേടുക.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി
താമരശ്ശേരി ഗ്രാമപഞ്ചായത്ത്

പകർപ്പ് :-

1. അതാതു വ്യക്തികൾക്ക്
2. ബഹു. ജില്ലാ കളക്ടർക്ക്
3. ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്
4. ഓഫീസ് കോപ്പി
5. കരുതൽ / അധികം

**അനുബന്ധം – 1**
**താമരശ്ശേരിയിലെ ആംബുലൻസ് കൺട്രോളിങ് പോയിന്റിന്റെയും അതിന്റെ പരിസരത്തുള്ള ഗ്രാമപഞ്ചായത്തുകളുടെയും പട്ടിക**

| കൺട്രോളിങ് പോയിന്റ് ആശുപത്രി | ഫോൺ നമ്പർ | ഹാൾട്ടിങ് / ഡ്രോപ്പിങ് പോയിന്റ് | പരിസരത്തുള്ള ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റികൾ | ഫോൺ നമ്പർ |
|---|---|---|---|---|
| താലൂക്ക് ആശുപത്രി, താമരശ്ശേരി | 0495–2222098 | **പകൽ** (രാവിലെ 7.00 മണി മുതൽ രാത്രി 7.00 മണി വരെ) – അൽഫോൺസ സ്കൂൾ കോരങ്ങാട്ട്. **രാത്രി** (രാത്രി 7.00 മണി മുതൽ രാവിലെ 7.00 മണി വരെ) – താമരശ്ശേരി പോലീസ് സ്റ്റേഷനു സമീപം. | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | 0495–2222252 |
| | | | കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | 0495–2270900 |
| | | | ഉണ്ണികുളം ഗ്രാമപഞ്ചായത്ത് | 0496–2647065 |
| | | | പുതുപ്പാടി ഗ്രാമപഞ്ചായത്ത് | 0495–2235229 |
| | | | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | 0495–2236230 |
| | | | പനങ്ങാട്ട് ഗ്രാമപഞ്ചായത്ത് | 0496–2642059 |

കുറിപ്പ്:– പകൽ സമയം രോഗവ്യാപനം കുറയ്ക്കാനായി ജനത്തിരക്ക് കുറഞ്ഞതും സ്ഥലസൌകര്യമുള്ളതുമായ അൽഫോൺസ സ്കൂളും, രാത്രി 7.00 മണിക്ക ശേഷം ജനസഞ്ചാരം അനുവദനീയമല്ലാത്തതിനാൽ യാത്രക്കാരുടെ സുരക്ഷയെക്കരുതി പോലീസ് സ്റ്റേഷനു സമീപവുമാണ് ഹാൾട്ടിങ് / ഡ്രോപ്പിങ് പോയിന്റ് ആക്കി നിശ്ചയിച്ചിട്ടുള്ളത്.

**അനുബന്ധം – 2**
**അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവരെ കൊണ്ടുപോകാൻ തയ്യാറാക്കി നിർത്തുന്ന ആംബുലൻസുകളുടെ പട്ടിക**

| ക്രമ നം | ഡ്രൈവറുടെ പേര് | കോൺടാക്റ്റ് നമ്പർ | കൺട്രോളിങ് പോയിന്റ് പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുമായും ആംബുലൻസ് സൌകര്യം പൂൾ ചെയ്യുന്ന ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 1 | അബ്ദുൾ കരീം | 7994869307, 8129204053 | താമരശ്ശേരി ഗ്രാമപഞ്ചായത്ത് |
| 2 | റഹീം | 9072024759 | |
| 3 | വിൽസൺ | 9745006196 | |
| 4 | സിജോ തോമസ്, ശ്രീപേഷ് | 7594881199 | ഉണ്ണികുളം ഗ്രാമപഞ്ചായത്ത് |
| 5 | ഫൈസൽ തലയാട്ട് | 9400352726 | പനങ്ങാട്ട് ഗ്രാമപഞ്ചായത്ത് |
| 6 | ശ്യാം ബാലുശ്ശേരി മുക്ക് | 9496560098 | |
| 7 | ഷിനീഷ് പനങ്ങാട്ട് | 9745670642 | |
| 8 | നൌഷാദ് സി പി | 9539817156 | |

ഈ പട്ടികയിലെ ക്രമ നമ്പർ 1, 3, 5, 7 ആംബുലൻസുകൾ സദാ സമയവും സജ്ജമാക്കി ലഭ്യമാക്കുവാനായും, ക്രമനമ്പർ 2, 4, 6, 8 ആംബുലൻസുകൾ സ്റ്റാന്റ്ബൈ ആയും അതാതു ഡ്രൈവർമാർ നിലനിർത്തേണ്ടതാണ്.

**അനുബന്ധം – 3**
**ആംബുലൻസ് സൌകര്യം കോർഡിനേറ്റ് ചെയ്യുന്നതിനായി താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിലെ കോവിഡ് – 19 കൺട്രോൾ റൂമിൽ ചുമതലപ്പെടുത്തുന്ന ആംബുലൻസ് കോർഡിനേറ്റർമാർ**

| ക്രമ നം | ആംബുലൻസ് കോർഡിനേറ്റർ | ഷിഫ്റ്റ് | സമയം |
|---|---|---|---|
| 1 | ആംബുലൻസ് കോർഡിനേറ്റർ – 1 | ഷിഫ്റ്റ് – 1 | രാവിലെ 10 മണി മുതൽ വൈകിട്ട് 6 മണി വരെ |
| 2 | ആംബുലൻസ് കോർഡിനേറ്റർ – 2 | ഷിഫ്റ്റ് – 2 | വൈകിട്ട് 6 മണി മുതൽ പുലർച്ച 2 മണി വരെ |
| 3 | ആംബുലൻസ് കോർഡിനേറ്റർ – 3 | ഷിഫ്റ്റ് – 3 | പുലർച്ച 2 മണി മുതൽ രാവിലെ 10 മണി വരെ |